ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1110
# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 149 – 160

മനുഷ്യരെപ്പോലെ ജിന്നുകളും പൂർണമായി നരകാവകാശികളാകുന്നില്ല. സത്യ-ധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്ന ജിന്നുകൾ സ്വർഗാവകാശികളാകുന്നു. ജിന്നുകളുടെ സ്വർഗവും മനുഷ്യരുടെ സ്വർഗവും ഒന്നുതന്നെയാണോ, അവരുടെ വിശ്വാസവും കർമാനുഷ്ഠാനവും എങ്ങനെയായിരിക്കും തുടങ്ങിയ കാര്യങ്ങളൊന്നും നമുക്കറിയില്ല. ജിന്നുകൾ അഭൗതിക സൃഷ്ടികളാണല്ലോ. അവരുടെ കാര്യങ്ങളെല്ലാം നടക്കുന്നത് അഭൗതിക പ്രകൃതിയനുസരിച്ചായിരിക്കും.

فَٱسْتَفْتِهِمْ أَلِرَبِّكَ ٱلْبَنَاتُ وَلَهُمُ ٱلْبَنُونَ ﴿١٤٩﴾

149. അവരോടു ചോദിക്കുക: നിന്റെ നാഥന്ന് പെൺമക്കളും അവർക്ക് ആൺമക്കളുമാണെന്നോ?!

**149**

فَاسْتَفْتِهِمْ = അവരോട് വിധി തേടുക (ചോദിക്കുക) أَلِرَبِّكَ = നിന്റെ നാഥന്ന് ആണെന്നോ
الْبَنَاتُ = പെൺമക്കൾ وَلَهُمُ = അവർക്ക് ആണെന്നോ الْبَنُونَ = ആൺമക്കളും

പ്രഭാഷണമുഖം സൂറയുടെ തുടക്കത്തിൽ ചർച്ച ചെയ്ത വിഷയത്തിലേക്കു തന്നെ തിരിയുകയാണ്. മലക്കുകളുടെയും ജിന്നുകളുടെയും മറ്റും ദിവ്യത്വമാണത്. അവയുടെ ദിവ്യത്വം സ്പഷ്ടമായി നിഷേധിച്ച ശേഷം അവിടെ വിശദീകരണത്തിലേക്ക് കടക്കുന്നത് فَاسْتَفْتِهِمْ എന്ന വാക്കിലൂടെയാണ്. വാക്കിന്റെ അർഥം അവിടെ വിശദീകരിച്ചിരിക്കുന്നു. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇടക്കു ചർച്ച ചെയ്തത്. അനന്തരം മൂലപ്രമേയത്തിലേക്കു മടങ്ങിക്കൊണ്ട്, മലക്കുകൾ ദൈവത്തിന്റെ പെൺമക്കളാകുന്നു എന്ന ജാഹിലീ വിശ്വാസത്തെ രൂക്ഷമായി ഖണ്ഡിക്കുകയാണ്.

നമ്മുടെ ഭാഷയിലെ ദേവിമാർക്ക് സമാനമായിരുന്നു അറബികൾക്ക് മലാഇകഃ. പെൺദൈവങ്ങളാണല്ലോ ദേവതകൾ. അറേബ്യൻ സങ്കൽപത്തിൽ ദേവതകളെല്ലാം ദൈവത്തിന്റെ പെൺമക്കളായിരുന്നു. ദൈവത്തിനു പെൺമക്കൾ മാത്രമേയുള്ളൂ. ദൈവത്തിന്റെ പെൺമക്കളെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അവർ ദൈവത്തോട് ശിപാർശ ചെയ്ത് ഭൗതികവും പാരത്രികവുമായ സൗഭാഗ്യങ്ങൾ നേടിത്തന്നുകൊണ്ടിരിക്കും. ഈ സങ്കൽപത്തിൽ തന്നെയുണ്ടൊരു വിരോധാഭാസം. ദൈവത്തോടു ചേർന്നതെല്ലാം ഏറ്റം പവിത്രവും വിശിഷ്ടവുമായിരിക്കുമല്ലോ. പക്ഷേ, ഇക്കൂട്ടർ ദൈവത്തിന്റെ മക്കളായി കരുതുന്നത് തങ്ങളുടെ മക്കളായി പിറക്കുന്ന പക്ഷം മഹാഭാരവും മാനഹാനിയുമായി കരുതുന്ന സ്ത്രീകളെയാണ്. അവരുടെ ഈ നിലപാടിനെ ഖുർആൻ 43:17-ൽ ഇപ്രകാരം വർണിക്കുന്നുണ്ട്:

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحْمَٰنِ مَثَلًا ظَلَّ وَجْهُهُ مُسْوَدًّا وَهُوَ كَظِيمٌ

(കരുണാമയനായ ദൈവത്തിനു ചാർത്തിക്കൊടുക്കുന്ന പെൺസന്തതി ജനിച്ചതായി അവരിലൊരുവനു സുവാർത്ത ലഭിച്ചാൽ അവൻ മുഖം ഇരുണ്ട് ദുഃഖവിവശനാകുന്നു).

16: 58,59-ൽ പറയുന്നു:

وَإِذَا بُشِّرَ أَحَدُهُم بِالْأُنثَىٰ ظَلَّ وَجْهُهُ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾ يَتَوَارَىٰ مِنَ الْقَوْمِ مِن سُوءِ مَا بُشِّرَ بِهِ ۚ أَيُمْسِكُهُ عَلَىٰ هُونٍ أَمْ يَدُسُّهُ فِي التُّرَابِ ۗ أَلَا سَاءَ مَا يَحْكُمُونَ ﴿٥٩﴾

(അവരിലൊരുവന് പെൺകുഞ്ഞു പിറന്ന ശുഭവാർത്ത അറിഞ്ഞാൽ മുഖം കരുവാളിച്ച് വ്യഥിതനാകുന്നു. തനിക്കു ലഭിച്ച ശുഭവാർത്തയിൽ നാണം കെട്ട് ജനത്തിൽനിന്ന് ഒളിച്ചു നടക്കുന്നു. അപമാനം സഹിച്ച് പുത്രിയെ വളർത്തണമോ അതോ മണ്ണിൽ കുഴിച്ചുമൂടിയാലോ എന്നാലോചിക്കുന്നു. നോക്കുക എത്ര നികൃഷ്ടമാണവർ വിധിക്കുന്നത്?!). ഇതേ ആളുകളാണ് അല്ലാഹുവിന്റെ സന്തതികളായി സങ്കൽപി

ക്കുന്ന മലക്കുകളെ സ്ത്രീകളാക്കുന്നതും. ഈ പശ്ചാത്തലത്തിൽ അവരോട് ചോദിക്കുകയാണ്; പ്രപഞ്ചനാഥനായ അല്ലാഹുവിന്നുള്ളതൊക്കെ ആളുകൾ നാണക്കേടായി കാണുന്ന പെൺമക്കളും അവർക്ക് ആൺമക്കളുമാണോ? 53: 21-22-ൽ ഈ ചോദ്യം കുറേകൂടി ശക്തിയായി ഉന്നയിക്കുന്നുണ്ട്: أَلَكُمُ الذَّكَرُ وَلَهُ الْأُنثَىٰ ﴿٢١﴾ تِلْكَ إِذًا قِسْمَةٌ ضِيزَىٰ ﴿٢٢﴾ (നിങ്ങൾക്ക് ആൺമക്കളും ദൈവത്തിനു പെൺമക്കളുമാണെന്നോ? എങ്കിലത് തീരെ അന്യായമായ പങ്കുവെപ്പു തന്നെ).

മലക്കുകൾ ദൈവത്തിന്റെ പെൺമക്കളാണെന്ന വാദത്തിൽ മൂന്നു തരം കുഫ്റുകൾ കൂടിച്ചേർന്നിരിക്കുന്നു: 1) ദൈവത്തിന് ഭൗതിക ശരീരവും അതിന്റെ കാമനകളും സ്ഥിരപ്പെടുത്താതെ അവന് സന്തതികളെ സ്ഥാപിക്കാനാവില്ല. യഥാർഥ ദൈവമാകട്ടെ എല്ലാ ഭൗതിക പ്രകൃതികൾക്കും അതീതനാകുന്നു. അപ്പോൾ ദൈവത്തിൽ ആരുടെയെങ്കിലും പിതൃത്വമോ പുത്രത്വമോ ആരോപിക്കുന്നത് അജ്ഞേയവും അപരിമേയവുമായ ആ അസ്തിത്വത്തെ ക്ഷണികമായ ഭൗതിക സൃഷ്ടിയിലേക്ക് വെട്ടിച്ചുരുക്കലാകുന്നു. 2) അറിവായാലും കഴിവായാലും വിഭവങ്ങളായാലും അത്യുന്നതവും അതിശ്രേഷ്ഠവുമായതിന്നുടയവനാണവൻ. അവനെ തങ്ങൾക്ക് നാണക്കേടായി തോന്നുന്ന പെൺമക്കളുടെ മാത്രം പിതാവായി സങ്കൽപിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. 3) അല്ലാഹുവിന്റെ സാമീപ്യമുള്ള പാവനാസ്തിത്വങ്ങളായ മലക്കുകളെ സ്ത്രീകളായി സങ്കൽപിക്കുന്നത് അവരെ വിലകുറച്ചു കാണലാണ്. അവർ സ്ത്രീകളെ വീക്ഷിക്കുന്നത് വിലകുറഞ്ഞവരായിട്ടാണല്ലോ. ●

---

أَمْ خَلَقْنَا ٱلْمَلَٰٓئِكَةَ إِنَٰثًا وَهُمْ شَٰهِدُونَ ﴿١٥٠﴾

150. അതല്ല, അവർ ദൃക്സാക്ഷികളായിരിക്കെ നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിക്കുകയായിരുന്നുവോ?

أَلَآ إِنَّهُم مِّنْ إِفْكِهِمْ لَيَقُولُونَ ﴿١٥١﴾

151. അറിഞ്ഞിരിക്കുവിൻ, എന്തെന്നാൽ കപോലകൽപിതം മാത്രമാണവർ പറയുന്നത്;

وَلَدَ ٱللَّهُ وَإِنَّهُمْ لَكَٰذِبُونَ ﴿١٥٢﴾

152. അല്ലാഹു സന്തതികളെ ജനിപ്പിച്ചുവെന്ന്. തീർച്ചയായും കള്ളം പറയുക തന്നെയാണവർ.

**150–152**

أَمْ خَلَقْنَا = അതല്ല നാം സൃഷ്ടിക്കുകയായിരുന്നുവോ الْمَلَائِكَةَ = മലക്കുകളെ إِنَاثًا = സ്ത്രീകളായിട്ട്
وَهُمْ شَاهِدُونَ = അവർ ദൃക്സാക്ഷികളായിരിക്കെ أَلَا = ജാഗ്രത, അറിഞ്ഞിരിക്കുവിൻ إِنَّهُمْ = എന്തെന്നാൽ അവർ
مِّنْ إِفْكِهِمْ لَيَقُولُونَ = അവരുടെ കെട്ടിച്ചമക്കലിൽനിന്ന് (കപോലകൽപിതം മാത്രം) ആണവർ പറയുന്നത്
وَلَدَ اللَّهُ = (അല്ലാഹു സന്തതികളെ ജനിപ്പിച്ചു(വെന്ന്)
وَإِنَّهُمْ لَكَاذِبُونَ = തീർച്ചയായും കള്ളം പറയു(ക)ന്നവർ തന്നെയാണവർ

അതല്ല, അവർക്ക് മലക്കുകളുടെ ലിംഗം നിർണയിക്കാൻ കഴിയുന്നതെങ്ങനെയാണ്, അല്ലാഹു മലക്കുകളെ സ്ത്രീകളായി സൃഷ്ടിക്കുന്നത് അവർ കണ്ടിട്ടുണ്ടോ? അവരെ സാക്ഷി നിർത്തിക്കൊണ്ടാണോ അല്ലാഹു അവരെ സൃഷ്ടിച്ചത്? മലക്കുകൾ സൃഷ്ടിക്കപ്പെടുന്ന വേളയിൽ എന്നല്ല അതിനുശേഷവും ഇന്നോളം അവർ മലക്കുകളെ നേരിൽ കണ്ടിട്ടില്ല എന്നതാണ് വാസ്തവം. എന്നിരിക്കെ ഒരു സംശയവും വേണ്ട, അല്ലാഹു സന്തതികളെ ജനിപ്പിച്ചുവെന്ന് പറയുന്നത് അവരുടെ കപോലകൽപനയല്ലാതെ ഒന്നുമല്ല. അത്തരം കള്ളങ്ങൾ പറയുന്നതും പ്രചരിപ്പിക്കുന്നതും സ്ഥിരം സ്വഭാവമാക്കിയവരാണ് ബഹുദൈവ വിശ്വാസികൾ. ഇത്തരം വാദങ്ങൾക്ക് യാതൊരു തെളിവുമില്ല എന്നതിനുപുറമെ അവർ പറയുന്നത് തികച്ചും അസംഭവ്യമായ കാര്യവുമാണ്. ●

---

أَصْطَفَى ٱلْبَنَاتِ عَلَى ٱلْبَنِينَ ﴿١٥٣﴾

153. അവൻ ആൺമക്കൾക്കുപരി പെൺമക്കളെ തെരഞ്ഞെടുത്തുവെന്നോ?

مَا لَكُمْ كَيْفَ تَحْكُمُونَ ﴿١٥٤﴾

154. നിങ്ങൾക്കെന്തുപറ്റി, എങ്ങനെയാണ് നിങ്ങൾ വിധിക്കുന്നത്?

أَفَلَا تَذَكَّرُونَ ﴿١٥٥﴾

155. നിങ്ങൾ ബോധവാന്മാരാകുന്നില്ലയോ?

**153–155**

أَصْطَفَى = അവൻ തെരഞ്ഞെടുത്തുവെന്നോ الْبَنَاتِ = പെൺമക്കളെ
عَلَى الْبَنِينَ = ആൺമക്കൾക്കുപരി, മക്കളേക്കാൾ مَا لَكُمْ = നിങ്ങൾക്ക് എന്തുപറ്റി
كَيْفَ تَحْكُمُونَ = എങ്ങനെയാണ് നിങ്ങൾ വിധിക്കുന്നത് أَفَلَا تَذَكَّرُونَ = നിങ്ങൾ ബോധവാന്മാരാകുന്നില്ലയോ

നിങ്ങള്‍ വിശിഷ്ട സന്തതികളായി കരുതുന്ന ആണ്‍മക്കളെ ഒഴിവാക്കി രണ്ടാം തരക്കാരായി കരുതുന്ന പെണ്‍മക്കളെ അല്ലാഹു തെരഞ്ഞെടുത്തുവെന്നാണോ? എങ്കില്‍ അല്ലാഹുവിന്റെ പരിശുദ്ധിക്കും ഔന്നത്യത്തിനും ചേര്‍ന്ന നടപടിയാണോ അത്? നിങ്ങളുടെ ബുദ്ധിക്കെന്തുപറ്റി? എന്തു മൂല്യങ്ങളെയും മാനദണ്ഡങ്ങളെയും ആധാരമാക്കിയാണ് നിങ്ങള്‍ കാര്യങ്ങള്‍ വിധിക്കുന്നത്? അതൊന്നും ഒട്ടും ആലോചിച്ചുനോക്കാത്തതെന്തേ? ●

---

أَمۡ لَكُمۡ سُلۡطَٰنٞ مُّبِينٞ ﴿١٥٦﴾

156. അതോ, നിങ്ങളുടെ കൈവശം വ്യക്തമായ വല്ല പ്രമാണവുമുണ്ടോ?

فَأۡتُواْ بِكِتَٰبِكُمۡ إِن كُنتُمۡ صَٰدِقِينَ ﴿١٥٧﴾

157. ഉണ്ടെങ്കില്‍ ആ വേദം കൊണ്ടുവരിക; നിങ്ങള്‍ സത്യം പറയുന്നവരെങ്കില്‍.

**156,157**

أَمْ لَكُمْ = അതോ നിങ്ങള്‍ക്കു (നിങ്ങളുടെ കൈവശം) ഉണ്ടോ? سُلْطَانٌ مُّبِينٌ = വ്യക്തമായ (വല്ല) പ്രമാണവും
فَأْتُوا = (ഉണ്ടെങ്കില്‍) കൊണ്ടുവരിക بِكِتَابِكُمْ = നിങ്ങളുടെ (ആ) വേദം إِن كُنتُمْ = നിങ്ങളാണെങ്കില്‍ صَادِقِينَ = സത്യം പറയുന്നവര്‍

അഭൗതികവും അഗോചരവുമായ സൃഷ്ടികളാണ് മലക്കുകള്‍. ഭൗതിക മനുഷ്യന്ന് അവരെക്കുറിച്ച് വല്ല അറിവും ലഭിക്കണമെങ്കില്‍ അത് അഭൗതിക ലോകത്തുനിന്നുതന്നെ ലഭിക്കണം. അഭൗതിക ലോകത്തുനിന്നുള്ള ജ്ഞാനം ലഭിക്കാനുള്ള ഒരേയൊരു മാധ്യമം പ്രവാചകന്മാരിലൂടെ അല്ലാഹു നല്‍കുന്ന പ്രമാണങ്ങളും വേദവുമാണ്. അത്തരത്തില്‍പെട്ട വ്യക്തവും ആധികാരികവുമായ വല്ല പ്രമാണവും നിങ്ങളുടെ കൈവശമുണ്ടോ? ഉണ്ടെങ്കില്‍ ആ പ്രമാണം രേഖപ്പെടുത്തിയ വേദഗ്രന്ഥം ഒന്നു കാണിച്ചുതരൂ. മലക്കുകള്‍ ദൈവത്തിന്റെ പുത്രിമാരാണെന്ന നിങ്ങളുടെ വാദം സത്യമാണെങ്കില്‍ അതാണ് ചെയ്യേണ്ടത്. പക്ഷേ, പ്രവാചകാഗമനവും വേദാവതരണവും അവരുടെ ദൃഷ്ടിയില്‍ അസംഭവ്യമായ കാര്യങ്ങളാണ്. പിന്നെ എന്തു ജ്ഞാനത്തെ ആധാരമാക്കിയാണവര്‍ മലക്കുകളുടെ ലിംഗം വിധിക്കുന്നത്? മലക്കുകള്‍ ദൈവപുത്രിമാരാണെന്ന അന്ധവിശ്വാസത്തെ ഖണ്ഡിക്കുന്ന പ്രസ്താവനകള്‍ നേരത്തേ 4:117, 16:57,58, 17:40 സൂക്തങ്ങളിലും വന്നിരിക്കുന്നു. 43:16,19, 53:21,27 സൂക്തങ്ങളില്‍ ഇനിയും വരുന്നുമുണ്ട്. ●

---

وَجَعَلُواْ بَيۡنَهُۥ وَبَيۡنَ ٱلۡجِنَّةِ نَسَبٗاۚ وَلَقَدۡ عَلِمَتِ ٱلۡجِنَّةُ إِنَّهُمۡ لَمُحۡضَرُونَ ﴿١٥٨﴾

158. അല്ലാഹുവിനും ജിന്നുകള്‍ക്കുമിടയിലും അവര്‍ വംശബന്ധം ഉണ്ടാക്കിയിരിക്കുന്നു. എന്നാല്‍ ജിന്നുകള്‍ക്കറിയാം, അവര്‍ ശിക്ഷക്കു ഹാജരാക്കപ്പെടുന്നവരാണെന്ന്.

سُبۡحَٰنَ ٱللَّهِ عَمَّا يَصِفُونَ ﴿١٥٩﴾

159. ഇക്കൂട്ടര്‍ വര്‍ണിക്കുന്നതിനെല്ലാം അതീതനായ പരമപരിശുദ്ധനത്രെ അല്ലാഹു;

إِلَّا عِبَادَ ٱللَّهِ ٱلۡمُخۡلَصِينَ ﴿١٦٠﴾

160. അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസന്മാരൊഴിച്ച്.

**158-160**

وَجَعَلُوا = അവര്‍ ഉണ്ടാക്കി بَيْنَهُ وَبَيْنَ الْجِنَّةِ = അവ(അല്ലാഹുവി)ന്നും ജിന്നുകള്‍ക്കുമിടയിലും
نَسَبًا = വംശബന്ധം وَلَقَدْ عَلِمَتِ الْجِنَّةُ = തീര്‍ച്ചയായും (എന്നാല്‍) ജിന്നുകള്‍ അറിഞ്ഞു (ജിന്നുകള്‍ക്ക് അറിയാം)
إِنَّهُمْ لَمُحْضَرُونَ = അവര്‍ (ശിക്ഷക്ക്) ഹാജരാക്കപ്പെടുന്നവര്‍ തന്നെയാണെന്ന് سُبْحَانَ اللَّهِ = അല്ലാഹു പരിശുദ്ധനത്രെ
عَمَّا يَصِفُونَ = അവര്‍ വിശേഷിപ്പിക്കുന്നതിനെ വിട്ട് (ഇക്കൂട്ടര്‍ വര്‍ണിക്കുന്നതിനെല്ലാം അതീതനായ)
إِلَّا عِبَادَ اللَّهِ = അല്ലാഹുവിന്റെ ദാസന്മാരൊഴിച്ച് الْمُخْلَصِينَ = നിഷ്കളങ്കരായ

മലക്കുകളെ അല്ലാഹുവിന്റെ പെണ്‍മക്കളാക്കിയതിലും നിര്‍ത്താതെ ബഹുദൈവ വിശ്വാസികള്‍ ജിന്നുകളെയും അവനുമായി വംശബന്ധമുള്ളവരാക്കിയിരിക്കുന്നു. جِنّ-ന്റെ ബഹുവചനമാണ് جِنَّة. മലക്കുകളെപ്പോലെ അഗോചര സൃഷ്ടികളാണ് ജിന്നുകളും. അല്ലാഹുവിനെ അനുസരിക്കുകയും ആരാധിക്കുകയും മാത്രം ചെയ്യുന്നവരാണ് മലക്കുകള്‍, ദൈവനിഷേധമോ ആജ്ഞാലംഘനമോ അവരുടെ പ്രകൃതിയിലില്ല. അല്ലാഹു അവരെക്കുറിച്ചു പറയുന്നു:

إِنَّ الَّذِينَ عِندَ رَبِّكَ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَيُسَبِّحُونَهُ وَلَهُ يَسْجُدُونَ

(നിന്റെ നാഥന്റെ സന്നിധിയില്‍ മഹത്വം സിദ്ധിച്ചവര്‍ (മലക്കുകള്‍) ആ മഹത്വത്തില്‍ ഗര്‍വിഷ്ഠരായി അവന്ന് ഇബാദത്ത് ചെയ്യാന്‍ മടിക്കുന്നില്ല. അവര്‍ അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടും അവനെ പ്രണമിച്ചുകൊണ്ടുമിരിക്കുന്നു - 7:206).

(وَمَنْ عِندَهُ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَلَا يَسْتَحْسِرُونَ അവന്റെ സന്നിധിയിലുള്ളവർ അവന് ഇബാദത്ത് ചെയ്യാൻ അഹങ്കരിക്കുന്നില്ല, മുഷിയുന്നുമില്ല - 21:19). وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا ۗ سُبْحَانَهُ ۚ بَلْ عِبَادٌ مُّكْرَمُونَ (അവർ പറയുന്നു; കരുണാവാരിധിയായ അല്ലാഹുവിന് മകളുണ്ടെന്ന്. അല്ല, അവർ (മലക്കുകൾ) അവന്റെ ആദരണീയരായ അടിമകളാകുന്നു - 21:26).

وَلِلَّهِ يَسْجُدُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مِن دَابَّةٍ وَالْمَلَائِكَةُ وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾ يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ

(വാനഭുവനങ്ങളിലുള്ള ജന്തുജാലങ്ങളും മലക്കുകളുമെല്ലാം അല്ലാഹുവിനു പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നു. അവരാരും ധിക്കാരം കൈക്കൊള്ളുകയില്ല. മേലായ റബ്ബിനെ ഭയപ്പെടുകയും അവനാൽ കൽപിക്കപ്പെടുന്നത് അനുസരിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണവർ - 16:49,50).

ജിന്നുകളുടെ പ്രകൃതി ഇതിൽനിന്ന് ഭിന്നമാണ്. അവർക്ക് അല്ലാഹുവിനെ അനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യവും കഴിവുമുണ്ട്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മലക്കുകളോട് അവനെ സുജൂദ് ചെയ്യാൻ കൽപിച്ചു. മലക്കുകളെല്ലാം സുജൂദ് ചെയ്തു. കൂട്ടത്തിലുണ്ടായിരുന്ന ഇബ്‌ലീസ് ആ കൽപന ലംഘിക്കുകയായിരുന്നു. അവന്ന് ദൈവാജ്ഞ ധിക്കരിക്കാൻ സാധിച്ചതെങ്ങനെയെന്ന് ഖുർആൻ വിശദീകരിക്കുന്നതിങ്ങനെ: كَانَ مِنَ الْجِنِّ فَفَسَقَ عَنْ أَمْرِ رَبِّهِ ۗ (അവൻ ജിന്നുകളിൽ പെട്ടവനായിരുന്നതിനാൽ തന്റെ നാഥന്റെ കൽപന ലംഘിച്ചു - 18:50).

ഇവിടെ جِنَّة എന്നു പറഞ്ഞതിൽ ജിന്നിന്റെ എല്ലാ ഇനങ്ങളും പെടും. ജിന്നുകളിലും സത്യവിശ്വാസികളും ദൈവഭക്തരുമുണ്ടാകാമെങ്കിലും അദൃശ്യമായ എല്ലാ പൈശാചിക ശക്തികളും ജിന്നിൽ പെട്ടവരായി കണക്കാക്കപ്പെടുന്നു. അല്ലാഹുവും ജിന്നുകളും തമ്മിൽ ഉണ്ടെന്നാരോപിക്കപ്പെടുന്ന ബന്ധം പിതൃപുത്രബന്ധമാവാം, സാഹോദര്യബന്ധമാവാം, ദാമ്പത്യ ബന്ധവുമാകാം. കഴിവുകളിലും അധികാരങ്ങളിലുമുള്ള സമാനതാ ബന്ധവുമാകാം. അവരുടെ ഏതു തരത്തിലുള്ള ബന്ധവും അല്ലാഹുവിൽ ആരോപിക്കുന്നത് പരിശുദ്ധരായ മലക്കുകളുടെ പിതൃത്വം അവനിൽ ആരോപിക്കുന്നതിനേക്കാൾ ഗുരുതരമായ ദൈവനിന്ദയാകുന്നു.

ചില വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ جِنَّة കൊണ്ടുദ്ദേശ്യം ചെകുത്താനാണ്. അല്ലാഹുവും ചെകുത്താനും തമ്മിൽ സഹോദരബന്ധമാണ് അവർ ആരോപിക്കുന്നത്. പേർഷ്യയിലെ അഗ്നിപൂജകരുടെ (مجوس) ദ്വൃത്വവാദത്തിലേക്കാണിതിന്റെ സൂചന. നന്മയുടെ ദൈവവും തിന്മയുടെ ദൈവവുമുണ്ട്. തിന്മയുടെ ദൈവമാണ് ചെകുത്താൻ. നന്മയുടെ ദൈവത്തിന് 'യസ്ദാൻ' എന്നും തിന്മയുടെ ദൈവത്തിന് 'അഹ്‌റുമുൻ' എന്നുമാണ് പേര്. അവർ പറയുന്നു: നന്മയുടെ ദൈവം ഒറ്റക്കായിരുന്നു. അങ്ങനെയിരിക്കെ അവന്റെ മനസ്സിൽ തിന്മ തോന്നി. അപ്പോൾ അവനിൽനിന്ന് തിന്മയുടെ ദൈവം ഉളവായി. അതാണ് 'അഹ്‌റുമുൻ.' പേർഷ്യയോട് ചേർന്നുകിടക്കുന്ന ഇറാഖി പ്രദേശത്തുള്ള അറബികൾക്ക് ഈ മതം പരിചിതമായിരുന്നു. പേർഷ്യയുടെ അധിനിവേശത്തിനു വിധേയരായവരെ അതു സ്വാധീനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഖുർആന്റെ പ്രഥമ സംബോധിതരായ മക്കാ നിവാസികൾക്ക് അത് അത്ര പരിചിതമായിരുന്നില്ല. ചെകുത്താനെ മാത്രം ഉദ്ദേശിച്ച് അറബികൾ 'ജിന്ന്' എന്ന പദം ഉപയോഗിക്കാറുമില്ല.

جنة കൊണ്ടുദ്ദേശ്യം മലക്കുകൾ തന്നെയാണെന്നുമുണ്ട് ഒരഭിപ്രായം. അഗോചര സൃഷ്ടികളെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് جنة. അതിൽ മലക്കുകളും ഉൾപ്പെടുന്നു എന്നാണ് ന്യായം. അങ്ങനെയാണെങ്കിൽ മുകളിൽ പറഞ്ഞ 150-152 സൂക്തങ്ങളുടെ ആശയപരമായ ആവർത്തനമാണീ വാക്യം. പക്ഷേ, അങ്ങനെയൊരാവർത്തനത്തിന് ഇവിടെ സാന്ദർഭികമായ ഔചിത്യം കാണുന്നില്ല. ഉന്നയിക്കപ്പെട്ട ന്യായമാകട്ടെ ബാലിശവുമാണ്. ജന്തു എന്ന പദം മനുഷ്യനെയും ഉൾക്കൊള്ളുന്നതാണ്. എങ്കിലും മനുഷ്യനെ ഉദ്ദേശിച്ച് ജന്തു എന്നു പ്രയോഗിക്കാറില്ല. അദൃശ്യത എന്ന സമാനതയുണ്ടെങ്കിലും നേരത്തേ വ്യക്തമാക്കിയതുപോലെ ജിന്നിന്റെയും മലക്കിന്റെയും പ്രകൃതികൾ തമ്മിൽ വലിയ അന്തരമുണ്ട്. 'ജിന്നുകൾക്കറിയാം തങ്ങൾ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു' എന്ന വാക്യവും ശ്രദ്ധേയമാണ്. സദാ അല്ലാഹുവിനെ വാഴ്ത്തുന്നവരും നമസ്കരിക്കുന്നവരും ആജ്ഞകളനുസരിക്കുന്നവരും ആദരണീയരുമായ മലക്കുകൾ ശിക്ഷയിൽ, നരകത്തിൽ ഹാജരാക്കപ്പെടേണ്ട കാര്യമില്ലല്ലോ. അല്ലാഹു നരകം നിറക്കുമെന്നു പറഞ്ഞിട്ടുള്ളത് ജിന്നുകളാലും മനുഷ്യരാലും -مِنَ الْجِنَّةِ وَالنَّاسِ- ആണ്. മലക്കുകൾ ശിക്ഷിക്കപ്പെടുന്നതിനെക്കുറിച്ച് പറഞ്ഞിട്ടില്ല.

മനുഷ്യരെപ്പോലെ ജിന്നുകളും പൂർണമായി നരകാവകാശികളാകുന്നില്ല. സത്യ-ധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്ന ജിന്നുകൾ സ്വർഗാവകാശികളാകുന്നു. ജിന്നുകളുടെ സ്വർഗവും മനുഷ്യരുടെ സ്വർഗവും ഒന്നുതന്നെയാണോ, അവരുടെ വിശ്വാസവും കർമാനുഷ്ഠാനവും എങ്ങനെയായിരിക്കും തുടങ്ങിയ കാര്യങ്ങളൊന്നും നമുക്കറിയില്ല. ജിന്നുകൾ അഭൗതിക സൃഷ്ടികളാണല്ലോ. അവരുടെ കാര്യങ്ങളെല്ലാം നടക്കുന്നത് അഭൗതിക പ്രകൃതിയനുസരിച്ചായിരിക്കും. അതെന്തായാലും മർത്യവർഗത്തിലെ നിഷ്കളങ്ക ദൈവദാസന്മാരെപ്പോലെ ജിന്നുവർഗത്തിലെ നിഷ്കളങ്ക ദൈവദാസന്മാരും ശിക്ഷാമുക്തരാകുന്നു. ഇതാണ് إِلَّا عِبَادَ اللَّهِ الْمُخْلَصِينَ എന്ന വാക്യത്തിന്റെ താൽപര്യം. ഈ വാക്യത്തിനു തൊട്ടുമുമ്പുള്ള سُبْحَانَ اللَّهِ എന്നുള്ള വാക്യം, ജിന്നുകൾക്ക് അല്ലാഹുവിൽ ബന്ധം ചാർത്തുന്നതിന്റെ സഗൗരവമായ നിഷേധമാകുന്നു. അതായത് ഇക്കൂട്ടർ ചാർത്തുന്ന, മലക്കുകളുടെ പിതൃത്വം, ജിന്നുകളുടെ വംശബന്ധം തുടങ്ങിയ വർണനകൾക്കെല്ലാം അതീതനായ പരമ പരിശുദ്ധനാണ് അല്ലാഹു.

ചില പണ്ഡിതന്മാർ ഈ രണ്ടു വാക്യങ്ങളെ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: അവിശ്വാസികളും വിഗ്രഹാരാധകരും ആരോപിക്കുന്ന ബന്ധങ്ങൾക്കെല്ലാം അതീതനായ പരമപരിശുദ്ധനാണ് അല്ലാഹു. എന്നാൽ നിഷ്കളങ്കരായ ദൈവദാസന്മാർ ദൈവത്തിന്റെ പരിശുദ്ധിക്കും പരിപൂർണതക്കും നിരക്കാത്ത ഗുണങ്ങളും അപൂർണരായ ക്ഷുദ്ര സൃഷ്ടികളുടെ പ്രകൃതിയും അല്ലാഹുവിൽ ആരോപിക്കാൻ ധൃഷ്ടരാവുകയില്ല. ചില വ്യാഖ്യാതാക്കളുടെ ദൃഷ്ടിയിൽ عِبَادَ اللَّهِ കൊണ്ടുദ്ദേശ്യം മലക്കുകളാണ്. അവർ ദൈവത്തിന്റെ മക്കളായി കൽപിക്കുന്ന മലക്കുകൾ വാസ്തവത്തിൽ അവന്റെ നിഷ്കളങ്കരായ അടിമകൾ മാത്രമാകുന്നു എന്നാണ് വചനസാരം. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. ●